# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1715** — **21.01.2014-ൽ മറുപടിക്ക്**

## നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡ് നിർമ്മാണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് കാർഷിക യൂണിവേഴ്സിറ്റിയുടെ രണ്ട് ഏക്കർ ഭൂമി മന്ത്രിസഭായോഗത്തിലൂടെ അനുവദിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം ഫാമിൽ നിന്ന് 2 ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച വിഷയം 04/10/2013-ന് ചേർന്ന സർവ്വകലാശാല ഭരണസമിതി യോഗം പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br>മന്ത്രിസഭാ തീരുമാനം മാനിച്ചുകൊണ്ടും ബഹു.മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും പ്രസ്തുത സ്ഥലം നീലേശ്വരം നഗരസഭയ്ക്ക് വിട്ടുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു. ഭരണസമിതിയുടെ ഒരു യോഗം നീലേശ്വരത്ത് വച്ച് കൂടുവാനും അന്നേ ദിവസം നീലേശ്വരം നഗരസഭാ അംഗങ്ങളുമായി പ്രസ്തുത വിഷയത്തിൽ ഒരു ചർച്ച നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |

Swapna

**സെക്ഷൻ ഓഫീസർ**